ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് ആന്റ് സിസ്റ്റംസ് (CCTNS) കേരളത്തിൽ നടപ്പിലാക്കുന്നത് System Integrator (SI) ആയ TATA Consultancy Services Ltd ആണ്. CCTNS പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും മറ്റൊരു കമ്പനിയായ Accenture Service Private Ltd. നെ സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് എന്ന പേരിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നടത്തിപ്പ് സംബന്ധിച്ച് റ്റാറ്റാ കൺസൾട്ടൻസി സർവ്വീസുമായി ഏർപ്പെട്ട കരാർ പ്രകാരം പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള പോലീസ് സ്റ്റേഷനുകളിലും മറ്റ് ഇതര പോലീസ് ഓഫീസുകളിലും (ആകെ 835 ഓഫീസുകൾ) നടപ്പിലാക്കുന്നതും ശേഷം 5 വർഷക്കാലം പരിപാലനവും കമ്പനിയുടെ ഉത്തരവാദിത്തമാണ്.

(ഡി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെയും നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെയും നിർദ്ദേശാനുസരണമാണ് ഈ പദ്ധതിയുടെ 'Core Application Software (CAS)' ദേശീയ തലത്തിൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള സോഫ്റ്റ്വെയറിൽ "അന്യദേശ തൊഴിലാളികളുടെ വിവരശേഖരണം" എന്ന മോഡ്യൂൾ ലഭ്യമല്ലാത്തതിനാൽ ഇക്കാര്യം CCTNS പദ്ധതിയുടെ ഭാഗമാക്കിയിട്ടില്ല.

## പുതിയ പോലീസ് സ്റ്റേഷൻ

**171 (2990)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷൻ അനുവദിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ ; എങ്കിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) പുതുതായി പോലീസ് സ്റ്റേഷൻ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) പുതിയതായി പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനായി വകുപ്പു തലത്തിലും സർക്കാർ തലത്തിലും പരിഗണനയിലുള്ള സ്ഥലങ്ങളുടെയും ജില്ലകളുടെയും പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലെ ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ പുതിയ പോലീസ് സ്റ്റേഷനുകൾ മുൻഗണനാക്രമത്തിൽ ആരംഭിക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിവരുന്ന പഠന റിപ്പോർട്ട് ലഭിച്ചശേഷം പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

## കാപ്പ നിയമത്തിന്റെ പ്രയോഗം

**172 (2992)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര താലൂക്കിൽ കാപ്പ നിയമപ്രകാരം നാളിതുവരെ എത്ര പേരെ നാടുകടത്തിയെന്നും അവർ ആരൊക്കെയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമപ്രകാരം വടകര താലൂക്കിൽ ഇപ്പോൾ ആർക്കൊക്കെ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നോട്ടീസ് ലഭിച്ചിട്ടുള്ള ആളുകളുടെ രാഷ്ട്രീയ പാർട്ടി ബന്ധങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടകര താലൂക്കിൽപ്പെട്ട 31 പേർക്കെതിരെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം സഞ്ചലന നിയന്ത്രണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) വടകര താലൂക്കിലെ ആരുടെയും പേരിൽ കാരണം കാണിക്കൽ നോട്ടീസ് നിലവിലില്ല. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം നടപടി സ്വീകരിക്കുന്നവരുടെ രാഷ്ട്രീയബന്ധങ്ങൾ സംബന്ധിച്ച വിവരം ശേഖരിക്കാറില്ല.

## സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം

**173 (2993)** ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സേനയിലെ സ്ഥലം മാറ്റത്തിന് മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly